LIBRARY ARCHIVES Kerala Legislative Assembly

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവേലിക്കര ഐ.റ്റി.ഐ.യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 9-1-2019-ലെ സ.ഉ(സാധാ) നമ്പർ 13/2019/പജ.പവ.വിവ. പ്രകാരം 2.00 കോടി രൂപ അനുവദിക്കുകയും ആയത് 3/2019 -ൽ തന്നെ നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തിരുന്നുവെങ്കിലും പ്രസ്തുത തുക മൂന്ന് നില കെട്ടിടനിർമ്മാണത്തിന് മതിയാവില്ലെന്നും എസ്റ്റിമേറ്റിൽ മാറ്റം വരുത്തിയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടനിർമ്മാണം പൂർണ്ണമായി പൂർത്തിയാക്കാൻ 1.65 കോടി രൂപ കൂടി അധികമായി ആവശ്യമുണ്ടെന്നും, ടി തുക പൊതുമരാമത്ത് വകുപ്പിന് അനുവദിക്കണമെന്നും ആവശ്യപ്പെട്ട് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശ പരിശോധിച്ചു വരുന്നു.

ടൈബൽ ഹോസ്റ്റലുകൾ തുറക്കുന്നതിന് നടപടി

53(2089) <u>ശ്രീ. ലിന്റോ ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിമൂലം ടൈബൽ ഹോസ്റ്റലുകൾ അടച്ചതിനാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ അനുഭവിക്കുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വാക്സിനേഷനിൽ മുൻഗണന നൽകി ടൈബൽ ഹോസ്റ്റലുകൾ തുറക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കോവിഡ് ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ ഹോസ്റ്റലുകൾ തുറക്കുന്നത് ഉചിതമാകില്ല. എങ്കിലും തുറക്കുവാൻ തീരുമാനിക്കുന്ന സാഹചര്യത്തിൽ ഹോസ്റ്റലുകൾ പ്രവർത്തന സജ്ജമാക്കാൻ സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകൾ

54(2090) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

16 പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശം അനുബന്ധമായി *ചേർക്കുന്നു.

(ബി) പ്രസ്തുത പ്രീമെട്രിക് ഹോസ്റ്റലുകളിൽ ആവശ്യമായ സൗകര്യങ്ങളില്ലാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഹോസ്റ്റലുകളിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആവശ്യാനുസരണം കൂടുതൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തിവരുന്നുണ്ട്.

(സി) പ്രസ്തുത പ്രീമെട്രിക് ഹോസ്റ്റലുകളിൽ കൂടുതൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

ഹോസ്റ്റലുകളിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഹോസ്റ്റലുകളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ശുദ്ധജല വിതരണത്തിനായി റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ, വിദ്യാർത്ഥികളുടെ സുരക്ഷ മുൻനിർത്തി അഗ്നി പ്രതിരോധ സംവിധാനങ്ങൾ, മിനിമാസ്റ്റ് ലൈറ്റുകൾ, സി.സി.ടി.വി എന്നിവ സ്ഥാപിച്ചിട്ടുണ്ട്. സ്ഥാപനങ്ങളിൽ ആവശ്യാനുസരണം കട്ടിൽ, മെത്ത എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

പട്ടികജാതി വിദ്യാർത്ഥികളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ

55(2091) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ഉന്നമനത്തിനായി വിവിധ മത്സര പരീക്ഷകൾക്ക് അവരെ തയ്യാറാക്കുന്നതിനായുള്ള എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.